Newspaper : Press Information Bureau
Date : 02.09.2026

# ജലമില്ലാതെ മത്സ്യങ്ങളെയും ചെമ്മീനുകളെയും ജീവനോടെ കൊണ്ടുപോകാം; ഐ.സി.എ. ആർ-സിഫ്റ്റിന് ഇന്ത്യൻ പേറ്റന്റ്

പോസ്റ്റഡ് ഓൺ: 02 SEP 2026 6:43PM by PIB Thiruvananthpuram

കൊച്ചി: മത്സ്യങ്ങളും ചെമ്മീനുകളും ഉൾപ്പെടെയുള്ള ജലജീവികളെ ജലമില്ലാതെ ജീവനോടെ കൊണ്ടുപോകുന്നതിനുള്ള നൂതന സാങ്കേതികവിദ്യ വികസിപ്പിച്ചെടുത്ത് കൊച്ചിയിലെ ഐ.സി.എ.ആർ-സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ICAR-CIFT). ഈ സാങ്കേതികവിദ്യയ്ക്ക് ഇന്ത്യൻ പേറ്റന്റ് ലഭിച്ചു. പരമ്പരാഗത ജലാധിഷ്ഠിത ഗതാഗത സംവിധാനങ്ങൾക്കും നിലവിലുള്ള ജലരഹിത ഗതാഗത സംവിധാനങ്ങൾക്കും ബദലായി ഉപയോഗിക്കാവുന്ന സാങ്കേതികവിദ്യയാണിത്.